ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഞങ്ങളാരും സർവ്വജ്ഞപീഠം കയറിയിട്ടില്ല എന്നുതന്നെയാണ് ഞാൻ പറഞ്ഞു തുടങ്ങിയത്. ഇവിടെ ഒരു യാഥാർത്ഥ്യമുണ്ട്. നിങ്ങൾക്ക് ഇതിനോട് പരിപൂർണ്ണ യോജിപ്പാണ്, അതുകൊണ്ട് പ്രശ്നമൊന്നുമില്ല അതിനോടൊപ്പം സഹകരിച്ചാൽ മതി. പരിപൂർണ്ണ എതിർപ്പുള്ള വേറെ ചിലരുണ്ട്. അതുകൊണ്ട് അവർ മാറി കൈകെട്ടി ഇരിക്കും. ഞങ്ങൾ അങ്ങനെയല്ല; എതിർക്കുമ്പോൾത്തന്നെ ഉള്ളിൽനിന്ന് പ്രവർത്തിക്കാൻ ശ്രമിക്കുന്നവരാണ്. അതുകൊണ്ട് ഞങ്ങൾക്ക് എതിർക്കുകയും അനുകൂലിക്കുകയും ചെയ്യേണ്ടി വരും. അതുകണ്ടിട്ട് ഞങ്ങളെ പരിഹസിക്കേണ്ട. അത് ഞങ്ങൾ അറിഞ്ഞുതന്നെ സ്വീകരിക്കുന്ന നിലപാടാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *632

## വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി

2 (*632) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) റബ്ബർ തോട്ടങ്ങളിലൂടെയും കൃഷി സ്ഥലങ്ങളിലൂടെയും കടന്നുപോകുന്ന വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും തട്ടുന്നതുമൂലം വൈദ്യുതി തടസ്സവും പ്രസരണനഷ്ടവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് പ്രസ്തുത ലൈൻ കടന്നുപോകുന്ന വസ്തുവിന്റെ ഉടമ ചെലവ് വഹിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സാധാരണക്കാരന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം പൊതുജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് വരുത്തുന്ന വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനും ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിനായി സംസ്ഥാനമൊട്ടാകെയുള്ള വൈദ്യുതി വിതരണ ശൃംഖലയിൽ ഓവർഹെഡ് ലൈനുകളിലൂടെയാണ് പ്രധാനമായും വൈദ്യുതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വിതരണം നടത്തി വരുന്നത്. പ്രസ്തുത വൈദ്യുതി ലൈനുകൾ കൂടുതലും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൂടെയും ഇടതിങ്ങിയ വൃക്ഷങ്ങളുള്ള പ്രദേശങ്ങളിലൂടെയും കൃഷി സ്ഥലങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ഇക്കാരണങ്ങളാൽ പല സ്ഥലങ്ങളിലും വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും തട്ടിനിൽക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇതുമൂലം ഊർജ്ജ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ മരച്ചില്ലകൾ തട്ടാൻ ഇടവരാത്തവിധം നിശ്ചിത അകലങ്ങളിൽ മരച്ചില്ലകൾ വെട്ടിമാറ്റാറുണ്ട്.

(ബി) വൈദ്യുതി ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവ് സാധാരണഗതിയിൽ ഉപഭോക്താവ് വഹിക്കണമെന്ന രീതിയാണ് കെ. എസ്.സി.ബി പിന്തുടരുന്നത്. എന്നാൽ പുരയിടങ്ങളിലൂടെ കടന്ന് പോകുന്ന വൈദ്യുതി ലൈനുകൾ പരിപാലിക്കാനുള്ള ബുദ്ധിമുട്ടും അപകട സാദ്ധ്യതകളും ഊർജ്ജ നഷ്ടവും കണക്കിലെടുത്ത് സാങ്കേതികമായി സാദ്ധ്യവും പൊതുവഴിയിലൂടെയുള്ള നിർദ്ദിഷ്ട ലൈൻ ദൂരക്കുറവുമാണെങ്കിൽ പ്രസ്തുത ലൈനുകൾ പൊതുവഴിയിലേക്ക് മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കാറുണ്ട്. കേരളത്തിലെ ജനസാന്ദ്രതയും സ്ഥല ലഭ്യതയിലെ കുറവും കണക്കിലെടുത്തു, ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും ഒരു വസ്തുവിൽക്കൂടി കടന്നു പോകുന്ന ലൈനുകൾ അതേ വസ്തുവിന്റെ മറ്റൊരു ഭാഗത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിന് (സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്ത അവസരത്തിൽ) വസ്തു ഉടമ ആവശ്യപ്പെടുന്നപക്ഷം ലേബർ ചാർജ് അടച്ചാൽ മതിയെന്ന് തീരുമാനിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി ലൈനുകൾ തന്റെ വസ്തുവിൽനിന്നും മൊത്തത്തിൽ മാറ്റി സ്ഥാപിക്കാനാണ് ഉപഭോക്താവ് ആവശ്യപ്പെടുന്നതെങ്കിൽ ടി പ്രവൃത്തിക്കുള്ള ചെലവ് (ലേബർ ചാർജ്ജും അധിക സാധന സാമഗ്രികളുടെ വിലയും) ഉപഭോക്താവ് വഹിക്കേണ്ടതുണ്ട്.

(സി) തോട്ടങ്ങളിലും പുരയിടങ്ങളിലുംകൂടി കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ പൂർണ്ണമായും മാറ്റുന്നത് ബോർഡിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തും. ആയത് താരിഫ് വർദ്ധനയിലൂടെ മറ്റ് ഉപഭോക്താക്കളെ ബാധിക്കുന്നതാണ്. അതിനാൽ നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നത് ആശാസ്യമായിരിക്കില്ല. ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായ നടപടി സ്വീകരിച്ച് വിതരണ ലൈനുകൾ മാറ്റി സ്ഥാപിച്ചു നൽകുവാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സാദ്ധ്യമായ സ്ഥലങ്ങളിൽ പൊതുവഴികളിലേക്ക് ലൈനുകൾ ഘട്ടംഘട്ടമായി മാറ്റിസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, എത്ര ശതമാനം പ്രസരണ നഷ്ടമാണ് സംസ്ഥാനത്താകെയുണ്ടാകുന്നത്? മഴയില്ലാത്ത ഈ സമയത്ത് പ്രസരണ നഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

തടയുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം മരച്ചില്ലകൾ വെട്ടിമാറ്റുകയെന്നുള്ളതാണ്. ഇത്രയും മഴയില്ലാതിരുന്ന ദീർഘമായ സമയം പ്രയോജനപ്പെടുത്തി ചെയ്യാൻ കഴിയുന്ന കാര്യമായിരുന്നു അത്. എന്നാലത് പൂർണ്ണമായിട്ടില്ല. മരച്ചില്ലകൾ മുറിച്ചു മാറ്റുന്നതിന് കോൺട്രാക്ടർമാരെ വയ്ക്കുമെന്നാണ് പറയുന്നത്. എന്നാൽ പലപ്പോഴും കോൺട്രാക്ടർമാരെയല്ലാതെ സെക്ഷനിലെ ജീവനക്കാരെയും നിയോഗിക്കാറുണ്ട്. സെക്ഷനിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതുകൊണ്ട് മരച്ചില്ലകൾ മുറിച്ചു മാറ്റുന്ന ജോലി ഒരു സ്ഥലത്തും കാര്യമായി പുരോഗമിക്കുന്നില്ല. അതിനുകാരണം സെക്ഷനിലെ ജോലികൾ ചെയ്യാൻപോലും ആവശ്യത്തിന് ജീവനക്കാരില്ലെന്നുള്ളതാണ്. എന്റെ ഡിവിഷനിലെ കാര്യമുൾപ്പെടെ ഉന്നയിച്ചപ്പോൾ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുമെന്നാണ് മറുപടി തന്നിരുന്നത്. അതും നടന്നിട്ടില്ല. അതുകൊണ്ട് പ്രസരണനഷ്ടം ഒഴിവാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ; ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുമോ?

__ശ്രീ. കടകംപള്ളി സുരേന്ദ്രൻ__ : സർ, ഇപ്പോൾ കണക്കാക്കിയിരിക്കുന്ന പ്രസരണനഷ്ടം 14.32 ശതമാനമാണ്. നേരത്തെ ഇതിൽ കൂടുതലായിരുന്നു. വർഷത്തിൽ രണ്ടുപ്രാവശ്യം ബോർഡിന്റെ ഉത്തരവാദിത്വത്തിൽ മരച്ചില്ലകൾ വെട്ടിമാറ്റി ലൈനിൽനിന്നും നിശ്ചിത അകലം പാലിക്കാൻ ശ്രമിക്കുന്നുണ്ട്. അടിയന്തരഘട്ടങ്ങളിൽ ബോർഡ് ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്.

__ശ്രീ. സി. എഫ്. തോമസ്__ : സർ, ജീവനക്കാരുടെ കുറവുകൊണ്ട് പല സ്ഥലങ്ങളിലും വൈദ്യുതിസ്തംഭനം ഉണ്ടാകുന്നുണ്ട്. പ്രസരണനഷ്ടവും അതുപോലെ പ്രധാനപ്പെട്ടതാണ്. മൂന്ന് പ്രധാന പ്രശ്നങ്ങളാണ് ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. വഴിയെല്ലാം പൊളിഞ്ഞുകിടക്കുന്നു, പൈപ്പ്ലൈനുകൾ പൊട്ടുന്നത് ശരിയാക്കാൻ സംവിധാനമില്ല. രാത്രികാലങ്ങളിൽ തുടർച്ചയായി വൈദ്യുതി മുടങ്ങുന്നു. ഇതെല്ലാം പൂർണ്ണമായി ഇവിടെ അവതരിപ്പിക്കാൻ സാധിക്കുന്നില്ല. ഇവിടെപ്പറഞ്ഞ കാര്യങ്ങൾ അടിയന്തര ആവശ്യമായി കാണണം. ജനജീവിതത്തിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണല്ലോ ഭരണത്തെക്കുറിച്ചുള്ള അളവുകോൽ. മിനിമം അതെങ്കിലും ചെയ്യാൻ, എല്ലാ വകുപ്പുകളും കോ-ഓർഡിനേറ്റ് ചെയ്യണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പിനും അത്യാവശ്യ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനും ഫണ്ട് അനുവദിക്കണം. വൈദ്യുതി മുടങ്ങുമ്പോൾ ജനങ്ങൾ പഞ്ചായത്ത് മെമ്പർമാരെപ്പോലും വിളിക്കാതെ നേരിട്ട് എം.എൽ.എ.-മാരെ വിളിക്കുകയാണ്. അത് അവരുടെ അവകാശമാണ്. ഇത്തരം അത്യാവശ്യ കാര്യങ്ങൾ ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൂടി ഇടപെട്ട്, ആവശ്യമായ പണം അനുവദിച്ച്, അക്കാര്യങ്ങൾ റിവ്യൂ ചെയ്ത്, മോണിറ്ററിംഗ് നടത്തി ഈ നടപടികൾ ത്വരിതപ്പെടുത്താൻ ശ്രമിക്കുമോ?.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ജീവനക്കാരെ എല്ലാ സ്ഥലത്തും റീ-ഡിപ്ലോയ് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയാണ്. ആവശ്യത്തിന് ജീവനക്കാരില്ലാത്ത എല്ലാ സെക്ഷനാഫീസുകളിലും ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും സ്ഥലത്ത് ജീവനക്കാരുടെ കുറവുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അങ്ങ് പറഞ്ഞ ബാക്കി കാര്യങ്ങൾ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നതാണ്. അത് പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിനുവേണ്ടി ശ്രീ. എം. ഉമ്മർ : സർ, സബ് സ്റ്റേഷൻ മുതൽ ഗാർഹിക നമ്പർ വരെ പരിശോധിച്ചാണ് പ്രസരണ നഷ്ടം കണക്കാക്കുന്നത്. 9234212 ഗാർഹിക കണക്ഷനുകളുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഓരോ സബ് സ്റ്റേഷനിൽനിന്നും വീടുകളിലേക്ക് ലൈൻ പോകുമ്പോഴുണ്ടാകുന്ന പ്രസരണ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; അതിനുള്ള മാനദണ്ഡങ്ങൾ എന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കേരളത്തിൽ പ്രസരണ നഷ്ടം പല വിധത്തിൽ സംഭവിക്കുന്നുണ്ട്. വൈദ്യുതി വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രസരണ നഷ്ടം നിജപ്പെടുത്തുന്നത്. വൈദ്യുതി ലൈനുകളോട് ചേർന്ന് നിൽക്കുന്ന മരങ്ങൾമൂലവും അകലെ നിൽക്കുന്ന മരങ്ങൾ ലൈനിലേക്ക് മറിഞ്ഞു വീഴുന്നതുമൂലവും പ്രസരണ നഷ്ടം ഉണ്ടാകാറുണ്ട്. ഇത്തരത്തിൽ വിവിധ തരത്തിൽ സംഭവിക്കുന്നത് കണക്കാക്കിയാണ് 14.32 ശതമാനം പ്രസരണ നഷ്ടമെന്ന് പറയുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലൂടെയും അതുപോലെ കൃഷിയിടങ്ങളിലൂടെയുമുള്ള ലൈനുകളാണ് പലപ്പോഴും അപകടങ്ങൾ വരുത്തിവയ്ക്കുന്നത്. ജനങ്ങൾക്ക് ഉപദ്രവമില്ലാത്ത രീതിയിൽ അത്തരം ലൈനുകൾ പാതയോരത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നൽകുമ്പോഴെല്ലാം കെ.എസ്.ഇ.ബി. പണം മുടക്കില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നത്. അങ്ങയുടെ മറുപടിയിലും അത് സൂചിപ്പിച്ചിരുന്നു. അപകടാവസ്ഥയുള്ള സ്ഥലങ്ങളിൽ പ്രശ്നസങ്കീർണ്ണമായി ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ ജനപ്രതിനിധികൾക്കും കെ.എസ്.ഇ.ബി.-ക്കും ബോദ്ധ്യപ്പെടുന്നതാണെങ്കിൽ കെ.എസ്.ഇ.ബി. അതിന്റെ അപകടാവസ്ഥ പരിഹരിക്കാൻ കഴിയുന്ന വിധത്തിലും പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിയുന്ന വിധത്തിലും ലൈൻ മാറ്റി സ്ഥാപിക്കുന്നത് തന്നെയാണ് ജനങ്ങൾക്ക് ആശാസ്യമായിട്ടുള്ളത്. അതിന് കെ.എസ്.ഇ.ബി.

നടപടി സ്വീകരിക്കുമോ? അത്യാവശ്യമുള്ള സ്ഥലങ്ങളിൽ എം.എൽ.എ. ഫണ്ട് നൽകാൻ തയ്യാറായി എം.എൽ.എ.-മാർ മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങനെ നൽകുന്ന പ്രൊപ്പോസലുകൾപോലും കെ.എസ്.ഇ.ബി. പരിശോധിച്ചശേഷം അനുവാദം നൽകാത്ത നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എം.എൽ.എ.-മാർ ഫണ്ട് നൽകാൻ തയ്യാറായാൽ അടിയന്തര പ്രാധാന്യമുള്ള അത്തരം സ്ഥലങ്ങളിൽ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത നഗരപ്രദേശങ്ങളിൽ ഓവർഹെഡ് ലൈനുകൾ മാറ്റി എ.ബി./യു.ജി. കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. യു.ജി. കേബിളുകളും ഇൻസുലേഷനുള്ള എ.ബി. കേബിളുകളും സ്ഥാപിക്കുന്നതുവഴി പ്രസരണ നഷ്ടം കുറയ്ക്കുക, മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുക, വൈദ്യുതി തടസ്സം ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളാണ് ബോർഡ് ലക്ഷ്യമിടുന്നത്. എന്നാൽ ഇത്തരം കേബിളുകൾ വിതരണ ശൃംഖലയിലുടനീളം സ്ഥാപിക്കുന്നത് ചെലവേറിയ കാര്യമായതിനാൽ പെട്ടെന്ന് പൂർത്തീകരിക്കാൻ സാധിക്കില്ല. അങ്ങ് സൂചിപ്പിച്ചതുപോലെ എല്ലാം മാറ്റിസ്ഥാപിക്കാൻ കഴിയില്ലെങ്കിലും എം.എൽ.എ. ഫണ്ടുപയോഗിച്ച് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

<u>ഡോ. എൻ. ജയരാജ്</u> : സർ, Aerial Bundled Cables സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. എന്റെ മണ്ഡലത്തിലും ഏതാണ്ട് 25 കിലോമീറ്റർ അത്തരത്തിലുള്ള കേബിൾ സ്ഥാപിക്കുന്നുണ്ട്. അതിനുള്ള ചെലവ് വർദ്ധിച്ചതാണെന്ന് പറയുകയുണ്ടായി. 14.32 ശതമാനത്തോളമാണ് പ്രസരണ നഷ്ടം. പ്രസരണ നഷ്ടം കുറയ്ക്കാൻ സാധിക്കുന്നത് ഉൽപ്പാദന വർദ്ധനവിന് തുല്യമാണ്. ആ അർത്ഥത്തിൽ ചെലവ് അല്പം കൂടുതലാണെങ്കിൽപ്പോലും എ.ബി. കേബിളുകൾ സ്ഥാപിക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനും പ്രസരണ നഷ്ടത്തിനുള്ള പ്രധാന കാരണമായ ലൈനിലേക്കുള്ള മരച്ചില്ലകൾ കൃത്യമായി വെട്ടിമാറ്റുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഭാവിയിൽ നമുക്കുപയോഗിക്കേണ്ടത് എ.ബി. കേബിളുകളും യു.ജി. കേബിളുകളും തന്നെയാണ്. പക്ഷേ, ബോർഡിന്റെ സാമ്പത്തിക പരാധീനതയിൽ വളരെ പെട്ടെന്ന് നമുക്കതിലേക്ക് മാറാൻ സാധിക്കുന്നില്ല. ഏതാണ്ട് 6400 കോടി രൂപ സാമ്പത്തിക ബാദ്ധ്യത ബോർഡിനുണ്ട്. ഇത്രയും രൂപയുടെ ബാദ്ധ്യത ഏറ്റെടുക്കേണ്ട പശ്ചാത്തലത്തിൽ എങ്ങനെയാണ് വളരെ പെട്ടെന്ന് ഇതിലേക്ക് മാറാൻ സാധിക്കുന്നത്? എന്നാൽ ആദ്യം പ്രധാനപ്പെട്ട പട്ടണങ്ങളിലും പിന്നീട് സംസ്ഥാനത്തുടനീളവും ടി സംവിധാനത്തിലേക്ക് മാറണമെന്ന തന്നെയാണ് സർക്കാർ ആലോചിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. രാജേന്ദ്രൻ : സർ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, വീടുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുടെ മുകളിലൂടെ വൈദ്യുതി ലൈൻ കടന്നുപോകുന്നുണ്ട്. അത്തരത്തിലുള്ള വൈദ്യുതി ലൈൻ മാറ്റുന്നതിനുവേണ്ടിയുള്ള തുക അടയ്ക്കുന്നതിന് ജനങ്ങൾക്ക് പ്രയാസമുള്ളതുകൊണ്ട് പല ഘട്ടങ്ങളിലും അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത് ബോർഡിന്റേതായ ചെലവിൽ മാറ്റിക്കൊടുത്ത് വീട് വയ്ക്കുന്നതിനും സ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും ആവശ്യമായ സാഹചര്യം സൃഷ്ടിക്കുമോ? അതോടൊപ്പംതന്നെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വൈദ്യുതി കണക്ഷന്റെ രേഖകൾ ഹാജരാക്കുന്നതുകൊണ്ട് വൈദ്യുതി കണക്ഷൻ നൽകാൻ വിസമ്മതിക്കുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, സാധാരണഗതിയിൽ വസ്തു ഉടമയുടെ അനുവാദത്തോടുകൂടിയാണ് ലൈൻ വലിക്കാറുള്ളത്. ലൈൻ വലിച്ചതിനുശേഷം അതിനുതാഴെ കൃഷിയിടങ്ങളായി മാറുന്ന സ്ഥിതിയും വീടുകൾ നിർമ്മിക്കുന്ന അവസ്ഥയുമുണ്ട്. അങ്ങനെയാണ് സാധാരണഗതിയിൽ സംഭവിച്ചുവരുന്നത്. എന്തെങ്കിലും കാരണവശാൽ ലൈൻ മാറ്റി സ്ഥാപിക്കണമെന്നുണ്ടെങ്കിൽ സ്വാഭാവികമായും വൈദ്യുതി ബോർഡിൽ പണമടച്ച് മാറ്റി സ്ഥാപിക്കുക മാത്രമേ മാർഗ്ഗമുള്ളൂ. അല്ലാതെ എല്ലായിടത്തും ലൈനുകൾ മാറ്റി സ്ഥാപിക്കാൻ തുടങ്ങിയാലുണ്ടാകുന്ന വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ബോർഡിന് വഹിക്കാൻ സാധിക്കുകയില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വൈദ്യുതി തടസ്സവും പ്രസരണ നഷ്ടവും ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചു. അങ്ങ് പറയാത്തൊരു കാര്യം, ലൈൻ വലിക്കുന്ന കമ്പികളുടെ പഴക്കമാണ്. പല ഭാഗങ്ങളിലും ഇത് 50 വർഷത്തിൽ കൂടുതലാണെന്നാണ് പറയപ്പെടുന്നത്. ഇതിന്റെ കൃത്യമായിട്ടുള്ള പഴക്കമെത്രയാണ്; എത്രകാലം ഇത് നമുക്കുപയോഗിക്കാൻ സാധിക്കും; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കമ്പികളുടെ കാലപ്പഴക്കമാണ് ഇതിന് കാരണമെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അത് പരിശോധിച്ച് പറയുന്നതാണ്.

ശ്രീ. എൽദോ എബ്രഹാം : സർ, നഗരങ്ങളിൽ ഏരിയൽ ബണ്ടിൽഡ് കേബിൾ (എ.ബി.സി.) സ്ഥാപിക്കുന്നത് വ്യാപകമാക്കുവാനുദ്ദേശിക്കുന്നുണ്ടോ; സബ് സ്റ്റേഷനുകളിൽ പലയിടത്തും കാലഹരണപ്പെട്ട ഉപകരണങ്ങളുടെ ഉപയോഗം ഒഴിവാക്കി പുതിയ സംവിധാനത്തെക്കുറിച്ചാലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ** : സർ, എ.ബി.സി.-യാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. പക്ഷെ വളരെ പെട്ടെന്ന് നമുക്കത് സാധിച്ചെടുക്കാൻ കഴിയുകയില്ല. എന്നാൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതാനും പട്ടണ പ്രദേശങ്ങളിലേക്ക് എ.ബി.സി. കണക്ഷനുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്.

**ശ്രീ. വി. ഡി. സതീശൻ** : സർ, കഴിഞ്ഞ 10 വർഷക്കാലം കൊണ്ട് ഇന്ത്യയിൽ ഏറ്റവും നന്നായി പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവന്ന സംസ്ഥാനമാണ് കേരളം. നാലോ അഞ്ചോ ശതമാനം പ്രസരണ നഷ്ടം കുറച്ചാൽ അത് ആയിരം മെഗാവാട്ടിന്റെ വൈദ്യുതി ജനറേറ്റ് ചെയ്യുന്നതിന് തുല്യമാണ്. അത് ഒരുവശത്ത് നിൽക്കുമ്പോൾ മറുവശത്ത് തലങ്ങും വിലങ്ങും വൈദ്യുതി ലൈനുകൾ വലിക്കുന്നതുമൂലം ഉയർന്ന ജനസാന്ദ്രതയും സ്ഥലത്തിന്റെ ദൗർലഭ്യവുംമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസവുമുണ്ട്. ഇത് രണ്ടും പരിഹരിക്കുന്നതിനുവേണ്ടി, പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഇങ്ങനെ വലിച്ചിരിക്കുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി സമഗ്രമായ ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ** : സർ, നമ്മൾ നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. പ്രസരണ നഷ്ടം പരമാവധി കുറച്ചു കൊണ്ടുവരുന്നതിനുവേണ്ടി പുതിയ ലൈനുകൾ നമുക്ക് വലിക്കേണ്ടതായിട്ടുണ്ട്. പുതിയ ലൈനുകൾ വലിക്കുന്നതിനുള്ള തടസ്സമാണ് യഥാർത്ഥത്തിൽ അതിലെ പ്രധാനപ്പെട്ട പ്രശ്നം. കഴിഞ്ഞ 12 വർഷമായി ഇടമൺ-കൊച്ചി ലൈൻ വലിക്കുന്നതിന് നമുക്ക് സാധിക്കുന്നില്ല. അതിന്റെ ഭാഗമായുണ്ടാകുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ പരിശോധിച്ചു നോക്കിയാൽ പൊതുവേ കേരളം ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി ലൈനുകൾ വലിക്കാൻ തയ്യാറാകുമ്പോൾ നമ്മുടെ സംസ്ഥാനത്ത് അത് സാധിക്കുന്നില്ല. അങ്ങ് പറഞ്ഞതുപോലെ, നമുക്ക് ഈ കാര്യങ്ങൾ ഇവിടെ നിർവ്വഹിക്കണമെന്നുണ്ടെങ്കിൽ എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്. അതിലൂടെ മാത്രമെ പ്രസരണനഷ്ടം കുറച്ചു കൊണ്ടുവരാൻ സാധിക്കുന്ന തരത്തിലുള്ള ലൈനുകൾ വലിക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**ശ്രീ. കെ. ആൻസലൻ** : സർ, പ്രസരണ നഷ്ടത്തോടൊപ്പം തന്നെയുള്ള ഒരു വിഷയം വൈദ്യുതി പാഴാക്കിക്കളയുകയെന്നതാണ്. പ്രധാനമായും സർക്കാർ ഓഫീസുകളിൽ രാവിലെ ലൈറ്റും ഫാനും ഓൺ ചെയ്താൽ ആളില്ലെങ്കിലും വൈകുന്നേരം വരെ ഇവ ഓഫ് ചെയ്യാത്ത ഒരവസ്ഥയുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അത് നമ്മുടെ ബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രശ്നമാണ്. 'കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി' എന്ന മട്ടിലാണ് പലപ്പോഴും ഓഫീസുകളിലെയോ പൊതുയിടങ്ങളിലെയോ ലൈറ്റിടുന്ന പ്രവൃത്തിയെ കാണുന്നത്. അത് മാറണം. മാറുന്നതിനുവേണ്ടി പൊതുവായ നമ്മുടെ ബോധം ഉയരണമെന്നാണ് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ കുന്നിൻ ചരിവിലുള്ള പാവപ്പെട്ട പട്ടികജാതി കോളനികളുണ്ട്. കൈ പൊക്കിയാൽ കമ്പിയിൽ തട്ടുംവിധമാണ് 11 കെ.വി. ലൈൻ പോലും അങ്ങോട്ട് വലിച്ചിരിക്കുന്നത്. വെള്ളപ്പൊക്കം വരുമ്പോൾ കുട്ടനാട്ടിൽ പ്രത്യേകിച്ച് അപ്പർ കുട്ടനാട്ടിൽ വെള്ളമുയരും. പണ്ട് സ്ഥാപിച്ച ലൈൻ ഇപ്പോഴുമുണ്ട്. വെള്ളം പൊങ്ങുന്ന സമയത്ത് ധാരാളം മരണങ്ങളും അപകടങ്ങളും ഉണ്ടാകുകയാണ്. ലോ ഓഫ് റ്റോർട്ട് അനുസരിച്ച് അത് നമ്മുടെതന്നെ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വത്തിൽനിന്ന് സർക്കാരിന് ഒഴിയാൻ സാധിക്കില്ല. അതുകൊണ്ട് ഇതുപോലുള്ള മരണത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ഇത്തരം ലൈനുകൾ ഉയർത്തി സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഇതൊന്നും ഈ അടുത്ത ദിവസങ്ങളിലുണ്ടായിട്ടുള്ള സംഗതിയല്ല. .... (ബഹളം)..

മി. സ്പീക്കർ : പ്ലീസ്.. ദയവായി അങ്ങ് ക്ഷുഭിതനാകണ്ട. അദ്ദേഹം പറയട്ടെ. പഴയ കാര്യമാണെന്നല്ലേ പറഞ്ഞുള്ളൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, വല്ലാതെ ദേഷ്യപ്പെടേണ്ട കാര്യമില്ല. ഞാൻ സത്യം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അഞ്ച് മാസംകൊണ്ട് സ്ഥാപിച്ച ലൈനുകളുടെ പ്രശ്നമാണ് പറഞ്ഞതെങ്കിൽ മനസ്സിലാക്കാമായിരുന്നു. വർഷങ്ങളായി നിലനിൽക്കുന്ന ലൈനുകളുടെ കാര്യമാണ് അങ്ങ് പറഞ്ഞത്. കഴിഞ്ഞ രണ്ടുമാസത്തിനുമുമ്പ് സ്ഥാപിച്ച ലൈനുകളെല്ലാം തന്നെ കുന്നിൻ ചെരിവിലൂടെ വലിച്ചിരിക്കുകയാണ്, അതിന്റെ അടിയിൽ മനുഷ്യൻ താമസിക്കുകയാണെന്നുള്ള മട്ടിലാണ് അങ്ങ് പറയുന്നത്. ഇതൊക്കെ വളരെ നാളുകളായി നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. അത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടി നമുക്ക് സ്വീകരിക്കാം.

ശ്രീ. എം. രാജഗോപാലൻ : സർ, പ്രസരണനഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുമുള്ള ട്രാൻസ്ഫോമറുകളുടെ അഭാവം ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. പ്രത്യേകിച്ച്, കാസർഗോഡ് ജില്ലയിൽ ട്രാൻസ്ഫോമറുകളുടെ എണ്ണം വളരെ കുറവാണ്. അത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, വൈദ്യുതി വകുപ്പിന് കേന്ദ്ര സഹായത്തിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; നമുക്ക് വൈദ്യുതീകരണത്തിന്റെ ഭാഗമായി ലഭിച്ചിരുന്ന ഫണ്ടിൽ കാര്യമായ എന്തെങ്കിലും വെട്ടികുറയ്ക്കൽ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മി. സ്പീക്കർ : ചോദ്യം നം.*633

## ബി.എസ്.ഇ.എസ്-മായുള്ള കരാറിന്റെ വിശദാംശം

3 (*633) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസിന്റെ ഉടമസ്ഥതയിലുള്ള ബി.എസ്.ഇ.എസ്-മായി മുൻ സർക്കാരിന്റെ കാലത്ത് ഏർപ്പെട്ട കരാറിന്റെ വിശദാംശം അറിയിക്കാമോ; ഇതിന്റെ ഭാഗമായി വൈദ്യുതി ബോർഡിനുണ്ടായ അധിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ കരാറിന്റെ കാലാവധി എന്നുവരെയാണ്;

(ബി) അടിയന്തര ആവശ്യം നേരിടാനായി പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങുമ്പോൾ നൽകേണ്ട വില ഏത് റേഞ്ചിലാണ്;

(സി) വൈദ്യുതിക്ഷാമം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; വിശദമാക്കാമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) 3-5-1999-ലാണ് ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് (BKPL)-മായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 15 വർഷത്തെ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാർ പ്രകാരം ഫിക്സഡ് ചാർജ്ജും നൽകണം. ഇത് വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly